**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3586** | **05-08-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. തുടർച്ചയായി മൂന്ന് ഷിഫ്റ്റുകളും പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നതുമൂലം മില്ലിന്റെ പ്രവർത്തന മൂലധനത്തിൽ ശോഷണവും ഭീമമായ നഷ്ടവുമുണ്ടായി. വൈദ്യുതി ചാർജ്ജ് കുടിശ്ശികയായതിനെത്തുടർന്ന് വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടുകയും 07.02.2020 മുതൽ മിൽ ലേ-ഓഫിലാകുകയും ചെയ്തു. മിൽ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ ട്രേഡ് യൂണിയനുമായും മിൽ മാനേജ്മെന്റുമായും നിരന്തരം ചർച്ചകൾ നടത്തുന്നുണ്ട്. മില്ലിന്റെ തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. രാത്രി ഷിഫ്റ്റിൽ സ്ത്രീകളെ ജോലിയ്ക്ക് ഒഴിവാക്കിയതു മൂലം മില്ലിന്റെ പ്രവർത്തനശേഷി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. രാത്രി ഷിഫ്റ്റിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ഫാക്ടറീസ് ആക്ട്,1948 സെക്ഷൻ 66 ൽ നിയമാനുസൃത ഭേദഗതി വരുത്തുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നതു സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് പരിശോധിച്ചുവരികയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4.72 കോടി രൂപയുടെ ധനസഹായത്തിന് ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 1.51 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തു. |
| (ബി) | കോട്ടയം ടെക്സ്റ്റയിൽസ് കഴിഞ്ഞ ഒന്നരവർഷമായി അടഞ്ഞ് കിടക്കുന്നതു മൂലം തൊഴിലാളികൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇതിന് ഉടനടി പരിഹാരം കണ്ടെത്തുമോ; തൊഴിലാളികൾക്ക് അടിയന്തിര ദുരിതാശ്വാസം നൽകുവാൻ തയ്യാറാകുമോ; | (ബി) | ലേ-ഓഫ് ഏർപ്പെടുത്തിയതിനുശേഷം ലേ-ഓഫ് വേതനം /ശമ്പള ഇനത്തിൽ 2020 ജൂൺ മുതൽ 2021 ജൂലൈ വരെ നൽകുവാനുള്ള കുടിശ്ശിക ഏകദേശം 148 ലക്ഷം രൂപയാണ്. തുടർച്ചയായി നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം മില്ലിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തു തീർത്തിട്ടില്ല. കോർപ്പറേഷന്റെ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ട് മറികടക്കുന്നതിന് നടപ്പ സാമ്പത്തിക വർഷം 350 ലക്ഷം രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്ന പ്രസ്തുത വ്യവസായ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ; | (സി) | കോട്ടയം ടെക്സ്റ്റയിൽസ് ലാഭകരമായി പ്രവർത്തിക്കുന്നതിന് എല്ലാ തൊഴിലാളികളും മൂന്ന് ഷിഫ്റ്റിലും ജോലിയ്ക്ക് കയറി തുടർച്ചയായി മിൽ പ്രവർത്തിക്കേണ്ടതുണ്ട്. രാത്രി ഷിഫ്റ്റിൽ സ്ത്രീ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിനെതിരെ ഒരു വിഭാഗം സ്ത്രീ തൊഴിലാളികൾ ഫാക്ടറീസ് ആക്ട് 66.1(ബി) സെക്ഷന്റെ പിൻബലത്തിൽ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.2826/2021-ാം നമ്പർ കേസിന്മേൽ കോർപ്പറേഷൻ ഫയൽ ചെയ്ത അപ്പീൽ ബഹു.കോടതിയിൽ നിലനിൽക്കുകയാണ്. |
| (ഡി) | കോട്ടയം ടെക്സ്റ്റയിൽസിന്റെ പുനരുദ്ധാരണത്തിന് അനിവാര്യമായ വികസന പദ്ധതികൾ വിവരിക്കാമോ; ഇതിനാവശ്യമായ പദ്ധതികൾക്ക് വ്യവസായ വകുപ്പ മന്ത്രി മുൻകൈയെടുത്ത് സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ വരുന്ന കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെയുള്ള മില്ലുകളുടെ പുനരുദ്ധാരണത്തിനായി ഒരു മാസ്റ്റർ പ്ലാൻ കോർപ്പറേഷൻ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ